പ്രവർത്തകന്റെയും പേരിലാണ് 107-ാം വകുപ്പ് അനുസരിച്ച് കേസെടുത്തിട്ടുള്ളത്. അടിയന്തിരമായും ഈ പത്ര ഏജന്റിനെ മർദ്ദിച്ച ആളുകളുടെ പേരിൽ നടപടിയെടുക്കണം. ജമീലാ സംവേത്തിന് ഉത്തരവാദികളായ ആളുകളുടെ പേരിൽ കേസെടുക്കണം.

ആഭ്യന്തരവകുപ്പുമന്ത്രി (ശ്രീ. വയലാർ രവി) : കുട്ടിഹസ്സൻ എന്നു പറയുന്ന ഒരാളെക്കുറിച്ച് വാർത്ത വന്നതിന്റെ പേരിലാണ് മാതൃഭൂമി ഏജന്റായ കുഞ്ഞനന്തനെ മർദ്ദിച്ചതായി ആക്ഷേപമുണ്ടായത്. അതിനെ തുടർന്ന് പോലീസ് നടപടി സ്വീകരിക്കുകയും അതിന്റെ പേരിൽ കേസ് രജിസ്റ്റർ ചെയ്യുകയുമുണ്ടായി. അതിനുശേഷം കുഞ്ഞനന്തനെ മർദ്ദിച്ചതിന്റെ പേരിലാണ് ഡി. വൈ. എഫ്. ഐ. പ്രവർത്തകരുടെ പേരിൽ കേസെടുത്തിട്ടുള്ളത്. 107 അനുസരിച്ച് കേസെടുത്തിരിക്കുന്നത് കുട്ടി ഹസ്സന്റെയും മറ്റ് ഏഴ് പേരുടെയും പേരിലാണ്. പത്ര ഏജന്റിനെ മർദ്ദിച്ചതിന്റെ പേരിലാണ് കേസെടുത്തിട്ടുള്ളത്. എത്രയാലും അവിടെ പരസ്പരം സംഘട്ടനമുണ്ടാകാതിരിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. പത്ര വാർത്തയുടെ പേരിൽ ഏതെങ്കിലും പത്രപ്രവർത്തകനെ കൈയേറ്റം ചെയ്യുന്ന നടപടി ഒരു തരത്തിലും വച്ചുപൊറുപ്പിക്കുന്നതല്ല. കർശനമായ നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായിട്ടാണ് 107 തന്നെ എടുത്തിട്ടുള്ളത്. കുഞ്ഞനന്തൻ ആശുപത്രിയിലായതുകൊണ്ടാണ് മറ്റ് നടപടികളുമായി മുന്നോട്ട് പോകാത്തത്. നിശ്ചയമായും നടപടി സ്വീകരിക്കുന്നതാണ്.

(19) ശ്രീ. എസ്. കെ. പിള്ളയുടെ പേരിലുള്ള വിജിലൻസ് അന്വേഷണം

ശ്രീ. സി. കെ. ചക്രപാണി : പോലീസ് വിജിലൻസ് അന്വേഷണ പ്രഹസനത്തിന്റെ കഥയിലേക്ക് ആണ് ഞാൻ വിരൽ ചൂണ്ടുന്നത്. തൃശ്ശൂരിലെ പൊതുമേഖലാ സ്ഥാപനമായ 'ഔഷധി' യുടെ മുൻ മാനേജിംഗ് ഡയറക്ടർ ശ്രീ. എസ്. കെ. പിള്ളയ്ക്കു എതിരായി വിജിലൻസ് അന്വേഷണം നടന്നു. ഫിനാൻസ് ഡിപ്പാർട്ടുമെന്റിന്റെ ഇൻസ്പെക്ഷൻ വിംഗ് ഗുരുതരമായ 20 ആരോപണങ്ങളും അദ്ദേഹത്തിനു എതിരായി കൊണ്ടുവന്നു. അതിന്റെ അടിസ്ഥാനത്തിലാണ് അന്വേഷണം ആരംഭിച്ചത്. അന്വേഷണം നടന്നുകൊണ്ടിരിക്കുമ്പോഴാണ് ആ എസ്. കെ. പിള്ളയെ കെ. ടി. ഡി. സി. യുടെ മാനേജിംഗ് ഡയറക്ടറായി നിയമിച്ചത്. അവിടെയും അന്വേഷണം നടക്കുന്നുണ്ടെന്നാണ് കേൾക്കുന്നത്. എസ്. കെ. പിള്ള ഔഷധിയിൽ നിന്ന് 35 ലക്ഷം രൂപ തട്ടിയെന്നാണ് കേൾക്കുന്നത്. കെ. ടി. ഡി. സി. യിൽ നിന്നും ഏകദേശം 50 ലക്ഷം രൂപ തട്ടിയിട്ടുണ്ട്. ആ എസ്. കെ. പിള്ളക്കു എതിരായിട്ടുള്ള വിജിലൻസ് അന്വേഷണം എത്രത്തോളമെത്തിയെന്ന് ബഹുമാനപ്പെട്ട ആഭ്യന്തരമന്ത്രി അറിയിക്കണം. പ്രോസിക്യൂഷൻ നടപടിയെടുക്കാൻ തയ്യാറാകുമോ ? അതിന് ആരാണ് തടസ്സം ? ഞാൻ കേൾക്കുന്നത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഡിപ്പാർട്ടുമെന്റാണെന്നാണ്. സി. പി. നായരുടെ പേരാണ് വലിച്ചിഴയ്ക്കുന്നത്. എത്രയാലും എസ്. കെ. പിള്ളയ്ക്കു എതിരായി പ്രോസിക്യൂഷൻ നടപടി എത്രയും വേഗം എടുക്കുമോ, അതിന്റെ സ്ഥിതിയെന്താണ് ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : ഇതു സംബന്ധിച്ചുള്ള വിവരങ്ങൾ ശേഖരിച്ചിട്ടുണ്ട്. എത്രയാലുംശരി, മുഖ്യമന്ത്രി ഇക്കാര്യത്തിൽ ഇടപെടുന്നില്ല. മുഖ്യമന്ത്രിയെ സംബന്ധിച്ച് ഇതിൽ യാതൊരു പ്രത്യേക താൽപര്യവുമില്ല.

LIBRARY ARCHIVES Kerala Legislative Assembly

ആഭ്യന്തര വകുപ്പുമന്ത്രി (ശ്രീ. വയലാർ രവി) : ഇതിനെക്കുറിച്ചുള്ള എൻക്വയറി പൂർത്തീകരിച്ചിട്ടുണ്ട്. അനന്തര നടപടികളും നടന്നുകൊണ്ടിരിക്കുകയാണ്.

(20) വാമനപുരം ജലസേചന പദ്ധതി

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : തിരുവനന്തപുരം ജില്ലയിലെ കൃഷിക്കാരുടെ ചിരകാലാഭിലാഷമാണ് വാമനപുരം പദ്ധതി. ഇതിന് 36 കോടി രൂപയാണ് എസ്റ്റിമേറ്റ് അംഗീകരിച്ചിരിക്കുന്നത്. ഇപ്പോൾ ഇത് ചെയ്യുകയാണെങ്കിൽ 150 കോടി രൂപ വേണമെന്നാണ് കണക്കാക്കിയിട്ടുള്ളത്. 1985-86-ലെ ബഡ്ജറ്റിൽ അഡ്മിനിസ്ട്രേഷനു വേണ്ടി 1,60,000 രൂപയും വർക്സിനുവേണ്ടി 9,800 രൂപയുമാണ് ആകെ വകകൊള്ളിച്ചിട്ടുള്ളത്. അങ്ങനെ ആകെ 1,69,800 രൂപയാണ് ബഡ്ജറ്റിൽ കൊള്ളിച്ചിട്ടുള്ളത്. എന്നിട്ട് ആഫീസിനു സ്ഥലമില്ലായെന്നാണ് വാദഗതി. ഫോറസ്റ്റ് വിട്ടുകൊടുക്കുന്നില്ല. ഈ വാദഗതിയാണ് ബഹുമാനപ്പെട്ട മന്ത്രി മിനിഞ്ഞാന്ന് ഒരു ചോദ്യത്തിനു മറുപടിയായി നിയമസഭയിൽ പറഞ്ഞത്. ഇവിടെ തന്നെ ചർച്ചയിൽ വന്നതാണ്, കല്ലാറിൽ നിന്ന് ഗവൺമെൻറിന്റെ അംഗീകാരമില്ലാതെ മരം മുറിച്ചു മാറ്റുന്നു. 1981-ൽ ക്ലിയറൻസ് കിട്ടിയ ഈ പദ്ധതിക്ക് ഫോറസ്റ്റിന്റെ അനുവാദം ആവശ്യമില്ല. ഈ പദ്ധതിക്ക് നെടുമങ്ങാട് മുനിസിപ്പാലിറ്റിയിൽ നിന്ന് 2929 (2) 2619 എന്നീ രണ്ട് സർവ്വേ നമ്പരുകളിലായി 4 ഏക്കർ 88 സെൻറ് സ്ഥലം ആഫീസ് കെട്ടിടത്തിനു വിട്ടുകൊടുക്കാമെന്ന് സമ്മതിച്ചിട്ടുണ്ട്. എന്നിട്ടും സ്ഥലമില്ലായെന്നാണ് പറയുന്നത്. അതുകൊണ്ട് ഫോറസ്റ്റ് ലാൻറിന്റെ പ്രശ്നമില്ല. എത്ര രൂപ വർക്സിനും, എത്ര രൂപ അഡ്മിനിസ്ട്രേഷനും ഈ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി പറയണം. ഇതു സംബന്ധിച്ച് വ്യക്തമായ മറുപടി ഉണ്ടാകണം.

ജലസേചന വകുപ്പുമന്ത്രി (ശ്രീ. എം. പി. ഗംഗാധരൻ) : വാമനപുരം ജലസേചന പദ്ധതിയെ സംബന്ധിച്ചിടത്തോളം ഇപ്പോഴും അതിന്റെ വിവിധ തലങ്ങളിലായി ഇൻവെസ്റ്റിഗേഷൻ നടന്നുകൊണ്ടിരിക്കുകയാണ്. വേണ്ടത്ര ഫണ്ട് ഇല്ലാത്തതാണ് ഇപ്പോൾ ഇതിന്റെ പ്രവർത്തനം താരിതഗതിയിൽ മുന്നോട്ട് കൊണ്ടുപോകുന്നതിനുള്ള വിഷമം. ഇക്കൊല്ലത്തെ ബഡ്ജറ്റിൽ 1.70 ലക്ഷം രൂപയാണ് വകകൊള്ളിച്ചിട്ടുള്ളത്. കൂടുതൽ തുക റീ അപ്രോപ്രിയേഷൻ വഴി ലഭിക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. ലഭിച്ചാൽ ഉടൻതന്നെ ഇൻവെസ്റ്റിഗേഷനെല്ലാം ത്വരിതഗതിയിലാക്കാൻ കഴിയും, പ്രവർത്തനം തുടങ്ങാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(21) കരമന ഗവൺമെൻറ് ഹൈസ്ക്കൂൾ കെട്ടിടം പണി പുനരാരംഭിക്കൽ

ശ്രീ. കെ. ശങ്കരനാരായണ പിള്ള : സർ, തിരുവനന്തപുരം നഗരത്തിലെ കരമന ഗവൺമെൻറ് ഹൈസ്ക്കൂളിന്റെ പുതിയ കെട്ടിടത്തിന് ദിവംഗതനായ ശ്രീ. സി. എച്ച്. മുഹമ്മദ്കോയ സാഹിബ് തറക്കല്ലിട്ടിട്ട് മൂന്നുവർഷം കഴിയുകയാണ്. തറ കുഴിച്ചപ്പോൾ വെള്ളം കണ്ടു എന്നുള്ള കാരണംകൊണ്ട് ആ കോൺട്രാക്ടർ പണി നിർത്തിവച്ചു പോയപ്പോൾ എസ്റ്റിമേറ്റ് റിവൈസ് ചെയ്തു. പക്ഷെ പിന്നീടൊന്നും ഉണ്ടായില്ല. ടെമ്പററി ഷെഡ്ഡ് കെട്ടിയാൽ അത് കാറ്റ് കൊണ്ടുപോവുകയാണ് ചെയ്യുന്നത്. അതുകൊണ്ട് അടിയന്തിരമായി കരമന ഗവൺമെൻറ് ഹൈസ്ക്കൂൾ കെട്ടിടം പണി പുനരാരംഭിക്കണമെന്ന് ബഹുമാനപ്പെട്ട ഉപമുഖ്യമന്ത്രിയോടഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly